(സി) മേൽപ്പറഞ്ഞ 19 രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെ എല്ലാംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) 11 കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു.

(ഇ) മേൽപ്പറഞ്ഞ കൊലപാതക കേസുകളിൽ പയ്യോളി മനോജൻ, അനീഷ് രാജൻ, റ്റി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ എന്നീ 4 കേസുകളിലാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്.

(എഫ്) ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകനായ മനോജ് കുമാർ വധക്കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് പ്രസ്തുത കേസ് സി.ബി.ഐ.-ക്ക് കൈമാറാൻ തീരുമാനിച്ചത്.

(ജി) സി.ബി.ഐ. അന്വേഷണത്തിനായി പ്രത്യേക മാനദണ്ഡം ഒന്നുംതന്നെ നിശ്ചയിച്ചിട്ടില്ല. എന്നാൽ കേസിന്റെ സ്വഭാവവും, വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളും കൊല്ലപ്പെട്ടയാളിന്റെ ബന്ധുക്കളുടെ അപേക്ഷയും അന്വേഷണ ഉദ്യോഗസ്ഥൻ/സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടും കോടതി നിരീക്ഷണവും പരിഗണിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

## രാത്രികാല പോസ്റ്റ്മോർട്ടം

228 (229) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കാനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കുമോ ;

(സി) രാത്രികാല പോസ്റ്റ്മോർട്ടം എന്നത്തോട്ട് യാഥാർത്ഥ്യമാക്കാനാകും ;

(ഡി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ഏതു വകുപ്പിലാണുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അഭാവമാണ് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കാനുള്ള തടസ്സങ്ങൾ. രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും ഉറപ്പാക്കുന്നതു



LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച ഫയൽ ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് പരിശോധിച്ചുവരുന്നു. ഇതിൽ തീരുമാനം ആകുന്ന മുറയ്ക്ക് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ കഴിയുന്നതാണ്.

**കാണാതായവർ**

229 (230) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും കാണാതായ കുട്ടികൾ, വനിതകൾ, വൃദ്ധർ എന്നിവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിൽനിന്നും എത്രപേരെ കണ്ടെത്തിയെന്നും എത്രപേരെ കണ്ടെത്തുവാനുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇവരിൽ കൊല്ലപ്പെട്ടവർ ആരെല്ലാമെന്നും ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ കാണാതാകുന്നവരെ കണ്ടെത്താൻ ഒരു പ്രത്യേക ഏജൻസിയെ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു *

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'ബി' യും 'സി' യും ആയി ചേർത്തിരിക്കുന്നു.*

(സി) വിശദവിവരം അനുബന്ധം ' ഡി ' ആയി ചേർത്തിരിക്കുന്നു.*

(ഡി) എല്ലാ പോലീസ് ജില്ലകളിലെയും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാർ/എ.സി.പി.മാർ എന്നിവരുടെ കീഴിൽ ഡിസ്ട്രിക്ട് മിസ്സിംഗ് പേഴ്സൺസ് ടേസിംഗ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനായി പ്രത്യേക ഏജൻസിയെ ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല

**ഓപ്പറേഷൻ കുബേര**

230 (231) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. പി. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly